പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1108

14 /06/2012 - ൽ മറുപടിക്ക്

## മണ്ണെണ്ണ വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. അനൂപ് ജേക്കബ്. (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) റേഷൻകട വഴിയുള്ള മണ്ണെണ്ണ വിതരണം വെട്ടിക്കുറയ്ക്കു വാനുണ്ടായ കാരണമെന്താണെന്ന് വിശദമാക്കാമോ ; കേന്ദ്ര സർക്കാർ മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് വീണ്ടെടുക്കുന്നതിനും സാധാരണക്കാർക്ക് റേഷൻകടവഴിയുള്ള മണ്ണെണ്ണ വിഹിതം പുനസ്ഥാപിക്കുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരച്ചുവരുന്നത്; | എ) പൊതു വിതരണ സമ്പ്രദായം വഴി വിതരണം ചെയ്യുന്നതിനായി കേന്ദ്ര സർക്കാർ കേരള സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചതുകൊണ്ടാണ് റേഷൻ കട വഴിയുള്ള മണ്ണെണ്ണ വിതരണം വെട്ടിക്കുറയ്ക്കുവാനിടയായത്. കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന പി.ഡി.എസ്. മണ്ണെണ്ണ വിളക്ക് തെളിയിക്കുന്നതിനും പാചകത്തിനും മാത്രമേ ഉപയോഗിക്കാവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചു വരുന്ന ഗാർഹിക എൽ.പി.ജി. കണക്ഷനുകളുടെ എണ്ണം കണക്കിലെടുത്ത് ഒരേ ആവശ്യത്തിന് രണ്ട് തരത്തിൽ സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ല എന്നാണ് കേന്ദ്രത്തിന്റെ നിലപാട്. വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുനസ്ഥാപിക്കുന്നതിനായി കേന്ദ്രസർക്കാരിൽ നിരന്തരം നിവേദനങ്ങൾ സമർപ്പിക്കുകയും ആയതിന്റെ ഫലമായി 2012, ഏപ്രിൽ മുതൽ ജൂൺ മാസം വരെയുള്ള ക്വാർട്ടറിലേക്ക് 5004 കി.ലിറ്റർ മണ്ണെണ്ണ കൂടി അധികമായി കേന്ദ്ര സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) കേന്ദ്ര സർക്കാർ കേരളത്തിലെ സാധാരണ ജനങ്ങൾക്ക് നൽകേണ്ട മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുകയും അതേ സമയം മറ്റ് പല സംസ്ഥാനങ്ങൾക്കും നൽകിക്കൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) കേന്ദ്ര സർക്കാർ മണ്ണെണ്ണ വെട്ടിക്കുറയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ, മറ്റ് സംസ്ഥാനങ്ങൾക്കുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കേരളത്തിന് നൽകിവരുന്ന മണ്ണെണ്ണ വിഹിതം വെട്ടിക്കുറച്ചത് എന്തു കൊണ്ടാണെന്നു പരിശോധിച്ചിട്ടുണ്ടോ; | (ഡി) | കേരളത്തിലെ ഗാർഹിക പാചകവാതക ഉപഭോഗം വർദ്ധിക്കുകയും അതിന്റെ ഫലമായി കേരളത്തിലുള്ള എൽ.പി.ജി. വിതരണം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിലാണ് മണ്ണെണ്ണ വിഹിതം വെട്ടിക്കുറയ്ക്കുന്നത് എന്ന് മനസ്സിലാക്കുന്നു. |
| (ഇ) | മണ്ണെണ്ണ വിഹിതം കൂടാതെ ഭക്ഷ്യധാന്യങ്ങളുടെ വിഹിതത്തിൽ എന്തെങ്കിലും കുറവ് കേന്ദ്ര സർക്കാർ വരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് പുനസ്ഥാപിച്ചു കിട്ടാൻ എന്തു നടപടിയാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ? | (ഇ) | 2011-12 വർഷത്തിൽ. ബി.പി.എൽ വിഭാഗത്തിന് ശരാശരി 9442 മെ.ടൺ അരിയും 2475 മെ.ടൺ ഗോതമ്പും അഡ്ഹോക് വിഹിതമായി അനുവദിച്ചിരുന്നത് 2012-13 വർഷത്തിൽ ഇതുവരെ അനുവദിച്ചിട്ടില്ല. ബി.പി.എൽ അഡ്ഹോക് അലോട്ട്മെന്റ് അനുവദിച്ച് കിട്ടുന്നതിനായി സർക്കാർ തലത്തിൽ നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ